**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3528** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂപതിവ് ചട്ടങ്ങളിലെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | ഭൂപതിവ് നിയമത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ചട്ടങ്ങളിൽ കാലാകാലങ്ങളിൽ ഭേദഗതി വരുത്താറുണ്ട്. നിലവിൽ സാധാരണക്കാർക്കും അർഹരായവർക്കും ഗുണകരമാകുന്ന നിരവധി ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>1960 ലെ കേരളാ ഭൂപതിവു നിയമത്തിൽ 2023-ൽ ഭേദഗതി കൊണ്ടുവരുകയും [Act 10 of 2024] 4 A (1) 4A(2) എന്നിങ്ങനെ രണ്ടു ഉപവകുപ്പുകൾ കൂട്ടിച്ചേർക്കുകയുണ്ടായി. നിയമത്തിന്റെ പ്രാബല്യത്തീയതിയായ 7/6/2024 നു മുൻപായി പട്ടയഭൂമിയിൽ നടത്തിയിട്ടുള്ള നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് വിഭിന്നമായുള്ള എല്ലാ ഉപയോഗങ്ങളും വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിനു സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥയാണ് പ്രസ്തുത വകുപ്പ് 4 A (1) ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിയമഭേദഗതിയുടെ പ്രാബല്യത്തീയതിക്കു മുൻപായി അനുവദിക്കപ്പെട്ട പട്ടയ ഭൂമികളിൽ, അനുവദിക്കപ്പെട്ട ആവശ്യത്തിന് വിഭിന്നമായ മറ്റാവശ്യങ്ങൾക്കായി ഭാവിയിൽ പട്ടയഭൂമികളുടെ ഉടമകൾക്ക് അപേക്ഷ നൽകിക്കൊണ്ടു ഉപയോഗമാറ്റത്തിനുള്ള അനുമതി സർക്കാരിൽ നിന്നും നേടുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് നിയമത്തിൽ 2023 ൽ നടപ്പിലാക്കിയ 4 A (2) എന്ന ഉപവകുപ്പ് ഭേദഗതി. പ്രസ്തുത നിയമ ഭേദഗതിക്ക് അനുസരണമായി, പട്ടയഭൂമി മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുള്ള സംഗതിയിൽ ക്രമവൽക്കരണം അനുവദിക്കുന്നതിനുള്ള പ്രത്യേക ചട്ടങ്ങൾ തയ്യാറായിട്ടുള്ളതും ആയത് എത്രയും പെട്ടെന്ന് വിജ്ഞാപനം ചെയ്യുന്നതുമാണ്. |
| (ബി) | താമസത്തിനും കൃഷിക്കുമായി പതിച്ചു നൽകിയ ഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി | (ബി) | ഭൂപതിവ് നിയമത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ചട്ടങ്ങളിൽ കാലാകാലങ്ങളിൽ ഭേദഗതി |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | വരുത്താറുണ്ട്. നിലവിൽ സാധാരണക്കാർക്കും അർഹരായവർക്കും ഗുണകരമാകുന്ന നിരവധി ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>1960 ലെ കേരളാ ഭൂപതിവ് നിയമത്തിൽ 2023-ൽ ഭേദഗതി കൊണ്ടുവരുകയും [Act 10 of 2024] 4 A (1) 4A(2) എന്നിങ്ങനെ രണ്ടു ഉപവകുപ്പുകൾ കൂട്ടിച്ചേർക്കുകയുണ്ടായി. നിയമത്തിന്റെ പ്രാബല്യത്തീയതിയായ 7/6/2024 നു മുൻപായി പട്ടയഭൂമിയിൽ നടത്തിയിട്ടുള്ള നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് വിഭിന്നമായുള്ള എല്ലാ ഉപയോഗങ്ങളും വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിനു സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥയാണ് പ്രസ്തുത വകുപ്പ് 4 A (1) ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിയമഭേദഗതിയുടെ പ്രാബല്യത്തിയതിക്കു മുൻപായി അനുവദിക്കപ്പെട്ട പട്ടയ ഭൂമികളിൽ, അനുവദിക്കപ്പെട്ട ആവശ്യത്തിന് വിഭിന്നമായ മറ്റാവശ്യങ്ങൾക്കായി ഭാവിയിൽ പട്ടയഭൂമികളുടെ ഉടമകൾക്ക് അപേക്ഷ നൽകിക്കൊണ്ടു ഉപയോഗമാറ്റത്തിനുള്ള അനുമതി സർക്കാരിൽ നിന്നും നേടുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് നിയമത്തിൽ 2023 ൽ നടപ്പിലാക്കിയ 4 A (2) എന്ന ഉപവകുപ്പ് ഭേദഗതി. പ്രസ്തുത നിയമ ഭേദഗതിക്ക് അനുസരണമായി, പട്ടയഭൂമി മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുള്ള സംഗതിയിൽ ക്രമവൽക്കരണം അനുവദിക്കുന്നതിനുള്ള പ്രത്യേക ചട്ടങ്ങൾ തയ്യാറായിട്ടുള്ളതും ആയത് എത്രയും പെട്ടെന്ന് വിജ്ഞാപനം ചെയ്യുന്നതുമാണ്. |
| (സി) | മുൻപ് ഭൂമി ലഭിച്ചവരിൽ, ചട്ടം പാലിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചവരിൽ നിന്നും ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ട്; വിശദമാക്കുമോ; | (സി) | പത്തനംതിട്ട ജില്ലയിൽ അടൂർ, കോഴഞ്ചേരി, റാന്നി, മല്ലപ്പള്ളി, തിരുവല്ല താലൂക്കുകളിൽ ഇത്തരത്തിൽ ഭൂമി ഏറ്റെടുത്തിട്ടില്ലാത്തതാണ്. കോന്നി താലൂക്ക് പരിധിയിലുള്ള കുലഞ്ഞൂർ വില്ലേജിൽ മുൻ സർവ്വെ നമ്പർ 901/1 ൽപ്പെട്ടതും നാളത് ബ്ലോക്ക് 33 ൽ റീസർവ്വെ 106/4 ൽ 68.00 ആറും 106/5 ൽ ഉൾപ്പെട്ട 3.30 ആർ സ്ഥലവും ചേർന്ന് 71.30 ആർ നിലവിൽ സർക്കാർ ഭൂമിയാണ്. മുൻപ് ടി സ്ഥലം 1974 ൽ LAC 404/74 നമ്പരായി കുന്നത്തൂർ തഹസിൽദാർ നിലവിലെ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ കരുമ്പേലിൽ കിഴക്കേതിൽ ശ്രീ. എൻ കരുണാകരൻനായർ എന്ന കക്ഷിക്ക് അനുവദിച്ച പട്ടയം ചട്ടങ്ങൾക്ക് വിരുദ്ധമായി നിശ്ചിത സമയപരിധിക്കുള്ളിൽ ശ്രീ. കുട്ടി മകൻ കുടൽ ഇഞ്ചപ്പാറ കിഴക്കേതിൽ (അനുഭവനം) തങ്കൻ എന്ന കക്ഷിക്ക് ആധാരപ്രകാരം കൈമാറ്റം നടത്തിയതിനാൽ ടി വസ്തുവിന്റെ പട്ടയം കൊല്ലം |

| | | | |
|---|---|---|---|
| | | | ജില്ലാ കളക്ടർ അസാധുവാക്കി സർക്കാരിലേക്ക് തിരികെ ഏറ്റെടുത്ത് ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.<br><br>ഭൂ പതിവ് ചട്ടപ്രകാരം ഭൂമി ലഭിച്ചവരിൽ ചട്ടം പാലിക്കാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചവരിൽ നിന്നും ഭൂമി ഏറ്റെടുത്തിട്ടുള്ള കേസുകൾ ഒന്നും തന്നെ തിരുവനന്തപുരം കോട്ടയം, കൊല്ലം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് പാലക്കാട് ജില്ലകളിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഡി) | ഭൂപതിവ് ചട്ടങ്ങളിൽ മാറ്റം വരുത്തുമ്പോൾ ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമി തിരികെ നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ? | (ഡി) | പുതുക്കിയ ചട്ടങ്ങൾ വിജ്ഞാപനത്തിനായി പരിഗണനയിലായതിനാൽ ഇക്കാര്യത്തിൽ ഇപ്പോൾ മറുപടി നൽകുവാൻ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ